5. വർക്കല ശിവഗിരി പ്രദേശത്തെ യാത്രാക്ലേശം

ശ്രീ. വർക്കല കഹാർ : സർ, ശിവഗിരി പ്രദേശം വർക്കല പ്രദേശത്തെ ഒരു എഡ്യൂക്കേഷൻ ഹബ്ബാണ്. അതുമാത്രമല്ല ശ്രീനാരായണ ഗുരുദേവന്റെ മഹാസമാധി സ്ഥലവുമാണ്. ശിവഗിരി എസ്.എൻ. കോളേജിൽ മുവായിരത്തോളം വിദ്യാർത്ഥികളുള്ളതാണ്. മന്നാനിയ അറബി കോളേജ്, നഴ്സിംഗ് കോളേജ്, അതുപോലെ ഈസ്റ്റ് വെസ്റ്റ് യൂണിവേഴ്സിറ്റി, ശിവഗിരി സെൻട്രൽ സ്കൂൾ, ശിവഗിരി ഹയർ സെക്കണ്ടറി സ്കൂൾ, അന്ധ വിദ്യാലയം തുടങ്ങി ഏകദേശം പന്ത്രണ്ടോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെയുണ്ട്. അതുപോലെ ശിവഗിരി മഹാസമാധി സ്ഥലത്ത് എത്തുന്ന തീർത്ഥാടകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും യാത്രാക്ലേശം വളരെ വലിയ രീതിയിലാണ് അനുഭവപ്പെടുന്നത്. അതിനൊരു പ്രധാനപ്പെട്ട കാരണം സ്വകാര്യ ബസ്സുകളില്ല, ട്രാൻസ്പോർട്ട് ബസ്സുകളുമില്ല. ആ വഴി റൂട്ടുകളുള്ള ഒത്തിരി ബസ്സുകളുണ്ട്. എന്നാൽ ഈ ബസ്സുകൾ പലതും അവിടെ വരാതെയാണ് പോകുന്നത്. അവിടെ വിദ്യാർത്ഥികൾ സമരം ചെയ്തു, പൊതുജനങ്ങൾ സമരം ചെയ്തു. ഞാൻ ഈ നിവേദനം ജില്ലാ കളക്ടറുടേയും സർക്കാരിന്റെയുമൊക്കെ ശ്രദ്ധയിൽപ്പെടുത്തി. ബന്ധപ്പെട്ടവർ ഇടപെട്ട് ബസ്സുകൾ ഇനി ഓടുമെന്ന് തീരുമാനിച്ചു. പക്ഷേ ബസ്സുകൾ ഓടിയില്ല, ഇപ്പോഴും ഓടുന്നില്ല. മഴപെയ്താലും നല്ല വെയിലത്തും ആയിരക്കണക്കിന് വിദ്യാർത്ഥികളും പൊതുജനങ്ങളും നടുറോഡിൽ കാത്തുനിന്ന് നിരാശരായി കിലോമീറ്ററുകളോളം നടക്കേണ്ട ദുഃസ്ഥിതിയാണുള്ളത്. കെ.എസ്.ആർ.ടി.സി. ശ്രമിച്ചാൽ ഇത് പരിഹരിക്കാൻ കഴിയും. കൂടാതെ ജില്ലാ കളക്ടർ ആർ.ടി.എ-ക്ക് കർശന നിർദ്ദേശം കൊടുക്കണം ആ സ്ഥലങ്ങളിൽ അടുത്ത ദിവസം കടകളടച്ച് ഹർത്താൽ ആചരിക്കുകയാണ്. ബസ്സുകൾ വരുന്നില്ല, പോകുന്നില്ല. ഈ ദുഃഖകരമായ സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ശിവഗിരിയിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനാവശ്യമായ നിരവധി നടപടികൾ കെ.എസ്.ആർ.ടി.സി. ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്. ആറ്റിങ്ങൽ-കല്ലമ്പലം-വർക്കല വഴി പന്ത്രണ്ട് ചെയിൻ സർവ്വീസും ആറ്റിങ്ങൽ-കവലയൂർ-വർക്കല-പറവൂർ സർവ്വീസുമുൾപ്പെടെ 13 സർവ്വീസുകൾ വർക്കല വഴി കൂടുതലായി നടത്തിവരികയാണ്. ശിവഗിരി മഠം വഴി വർക്കലയ്ക്ക് രണ്ട് ഷെഡ്യൂളുകളിലായി ആറ്റിങ്ങൽ ഡിപ്പോയിൽനിന്ന് ആറ് ട്രിപ്പുകൾ ഇപ്പോൾ നടത്തിവരുന്നു. കോട്ടയം, പാറശ്ശാല എന്നീ യൂണിറ്റുകളിൽ നിന്നും ശിവഗിരി മഠത്തിലേക്ക് സർവ്വീസുകൾ നടത്തുന്നുണ്ട്. ആലുവയിൽ നിന്ന് പുതിയ ഒരു സർവ്വീസ് ശിവഗിരി മഠത്തിലേയ്ക്ക് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അതിനുപുറമേ ചാത്തന്നൂർ, കൊട്ടാരക്കര, കൊല്ലം എന്നീ യൂണിറ്റുകളിൽ നിന്നും വർക്കലയിലേക്ക് സർവ്വീസ് ഇപ്പോൾ നിലവിലുണ്ട്. പ്രധാന റോഡിൽ നിന്ന് കഷ്ടിച്ച് ഒരു കിലോമീറ്റർ ദൂരം മാത്രമേ ശിവഗിരി മഠത്തിലേക്കുള്ളൂ. മഠത്തിലേക്ക് പോകുന്നതൊഴികെയുള്ള എല്ലാ സർവ്വീസുകളും പ്രധാന

LIBRARY ARCHIVES Kerala Legislative Assembly

റോഡിൽക്കൂടിയാണ് സർവ്വീസ് നടത്തിവരുന്നത്. കൂടാതെ ഈ നൂട്ടിൽ പത്ത് സ്വകാര്യ ബസ് സർവ്വീസുകളും നടത്തുന്നുണ്ട്. മേൽ പ്രദേശത്ത് പെർമിറ്റ് നൽകിയ ചില ബസ്സുകൾ ട്രിപ്പുകൾ മുഴുവൻ ഓടുന്നില്ല എന്ന പരാതി ആറ്റിങ്ങൽ ആർ.ടി.ഒ.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഫലമായി ശക്തമായ നടപടികൾ സ്വീകരിച്ചു വന്നതിന്റെ ഭാഗമായി ബസ്സുകൾ ഇപ്പോൾ കൃത്യമായി ഓടിത്തുടങ്ങിയിട്ടുണ്ട്. ശിവഗിരി പ്രദേശത്ത് അനുഭവപ്പെടുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ഇതിനാവശ്യമായ കർശന നിർദ്ദേശം ആർ.ടി.ഒ.-യ്ക്ക് നൽകുന്നതാണ്.

ഒ. മണ്ണട്ടാംപാറ റെഗുലേറ്ററിന്റെ ശോചനീയാവസ്ഥ

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : സർ, മലപ്പുറം ജില്ലയിലെ തിരുരങ്ങാടി മൈനർ ഇറിഗേഷന്റെ കീഴിലുള്ള മണ്ണട്ടാംപാറ റെഗുലേറ്ററിന്റെ ഷട്ടറുകൾ തുരുമ്പെടുത്ത് നശിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി വേലിയേറ്റ സമയത്ത് ആ പ്രദേശത്ത് ഉപ്പുവെള്ളം കയറി കൃഷി നശിക്കുകയും കുടിവെള്ളത്തിന് വളരെ പ്രയാസം അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. ഈ റെഗുലേറ്റർ നിർമ്മിച്ചിട്ടുള്ളത് 1957-ലെ ഇ.എം.എസ്. ഗവൺമെന്റിന്റെ കാലത്താണ്. റെഗുലേറ്റർ പണിതിട്ട് ഇന്നേക്ക് അമ്പത് വർഷം പിന്നിട്ടു കഴിഞ്ഞിരിക്കുകയാണ്. അപ്പോൾ ഇതുമായി ബന്ധപ്പെട്ട് ആ പ്രദേശത്തുള്ള ജനങ്ങൾ വളരെയധികം പ്രയാസം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ഈ ഷട്ടറുകൾ മാറ്റി പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, മണ്ണട്ടാംപാറ വിയർ കം ലോക്കിന്റെ നിലവിലുള്ള ഷട്ടറുകൾ പൂർണ്ണമായും തുറക്കാനും അടയ്ക്കാനും പറ്റാത്ത അവസ്ഥയിലാണ്. വലിയ ഷട്ടറിന്റെ മെക്കാനിസം കേടുവന്നതുകൊണ്ട് ഖലാസികളുടെ സഹായം കൊണ്ടാണ് ഇപ്പോൾ തുറക്കുന്നതും അടയ്ക്കുന്നതും. ചെറിയ ഷട്ടറുകളിൽ ഒരു ഷട്ടർ തുറക്കാനും അടയ്ക്കാനും പറ്റാത്ത അവസ്ഥയിലാണ്. വേലിയേറ്റ സമയത്ത് താൽക്കാലികമായി റിംഗ്ബണ്ട് അഥവാ മണൽ ചാക്ക് നിർമ്മിച്ചാണ് ഇപ്പോൾ ഉപ്പുവെള്ളം തടയുന്നത്. മറ്റു രണ്ടു ഷട്ടറുകൾ കൂടി മാറ്റി സ്ഥാപിക്കാനുള്ള പ്രവൃത്തികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 30.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2008-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചുവെങ്കിലും ഇതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും എസ്റ്റിമേറ്റ് പുതുക്കിയതിനുശേഷം പണി ഏറ്റെടുക്കുന്നതാണ്. പുതിയ റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥിരമായി നിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം ആവശ്യമാണ്. അത് ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly